(ബി) ഓരോ വർഷവും ഏതെല്ലാം ഇനങ്ങളിലായി എത്ര തുക വീതമാണ് ചെലവഴിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) 11-ാം പഞ്ചവത്സര പദ്ധതിയിൽ എം.എസ്.ഡി.പി. പദ്ധതിയുടെ കീഴിൽ വയനാട് ജില്ലയിൽ കുടിവെള്ളം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 3063.48 ലക്ഷം രൂപയുടെയും 12-ാം പഞ്ചവത്സര പദ്ധതിയിൽ 3234.4 ലക്ഷം രൂപയുടെയും പദ്ധതികൾക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ, 12-ാം പഞ്ചവത്സര പദ്ധതിയിൽ മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണിലെ വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന വികസനത്തിനും മറ്റുമായി 265.67 ലക്ഷം രൂപയുടെ പദ്ധതികൾ കേന്ദ്ര സർക്കാർ എം.എസ്.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുണ്ട്.

കേന്ദ്ര പദ്ധതിയായ എം.എസ്.ഡി.പി. പഞ്ചവത്സര പദ്ധതി അടിസ്ഥാനത്തിലാണ് നടപ്പാക്കിവരുന്നത്. അതുകൊണ്ടുതന്നെ ഓരോ സാമ്പത്തിക വർഷത്തിലും അനുവദിച്ച തുകയും ചെലവഴിച്ച തുകയും കണക്കാക്കുന്നത് പഞ്ചവത്സര പദ്ധതി അടിസ്ഥാനത്തിലാണ്. മേൽ പ്രകാരം ലഭിച്ച തുകയിൽ പദ്ധതി തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

ആത്മ പദ്ധതി

100 (2733) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേമം നിയോജകമണ്ഡലത്തിലെ കോലിയക്കോട് പാടശേഖര സമിതിക്ക് ആത്മ പദ്ധതിയിലുൾപ്പെടുത്തി അനുവദിക്കപ്പെട്ട 12.50 ലക്ഷം രൂപ പ്രസ്തുത സമിതിക്ക് ലഭ്യമാക്കിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട് ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇക്കാര്യത്തിൽ കൃഷിവകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്ന് വീഴ്ചയോ അനാസ്ഥയോ ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ എന്തുനടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ലഭ്യമാക്കിയിട്ടില്ല.

(ബി&സി) കൃഷിഭവൻമുഖേന നെൽകൃഷി ചെയ്യുതിന്റെ ക്ലെയിമുകൾ പാടശേഖര സമിതി നല്കുന്നമുറയ്ക്ക് പ്രോജക്ട് പ്രകാരമുള്ള ഒന്നാംവിള കൃഷി ചെയ്യുതിനുള്ള ധനസഹായം സമിതിക്ക് നല്കുന്നതാണ്. അതിൻപ്രകാരം ക്ലെയിം സമർപ്പിക്കാൻ കൃഷി ഓഫീസർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ആയത് ലഭ്യമായാൽ ഉടൻതന്നെ ഇുക വിതരണം ചെയ്യുന്നതാണ്.

നീര ഉല്പാദനം

101 (2734) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീര ഉൽപ്പാദിപ്പിക്കുന്നതിൽ നിലനിന്നിരുന്ന തടസ്സങ്ങൾ പരിഹിക്കുന്നതിനായിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) നീര ഉൽപ്പാദനത്തിനും പ്രചരണത്തിനുമായി മാതൃകാ സംരംഭങ്ങൾക്ക് ആരംഭം കുറിച്ചിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) നീര ഉൽപ്പാദനത്തിന് അനുയോജ്യമായ തെങ്ങുകൾ എത്ര ഇനമുണ്ടെന്നും അനുയോജ്യമായ പ്രദേശങ്ങൾ ഏതൊക്കെയെന്നും കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം നൽകാമോ ?

ഉത്തരം

(എ) നീര ഉല്പാദനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി 22-6-2015-ലെ സ.ഉ.(എംഎസ്.) നമ്പർ 111/2015/കൃഷി പ്രകാരം നീര ഉല്പാദനം ത്വരിതപ്പെടുത്തുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.